**<u>ഹയർ സെക്കണ്ടറി രണ്ടാം വർഷം മാതൃക ചോദ്യപേപ്പർ</u>**
**<u>മലയാളം</u>**

*മാർക്ക് - 80*
*സമയം – 2 1/2 മണിക്കൂർ*

---

***1 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും 4 എണ്ണത്തിന് ശരിയായ രണ്ട് ഉത്തരങ്ങൾ തെരെഞ്ഞെടുത്തെഴുതുക. 2 സ്കോർ വീതം. (4X2= 8 )***

1. ശകുന്തള പരഭൃതയാണ് എന്ന് ദുഷ്യന്തൻ പറയുന്നതിലെ സുചനകൾ ഏതൊക്കെയാണ്?

- ശകുന്തള ഉപേക്ഷിക്കപ്പെട്ടവളാണ്.
- ശകുന്തള ഏകാകിയാണ്.
- ശകുന്തള വളർത്തച്ഛനാൽ വളർത്തപ്പെട്ടവളാണ്.
- ശകുന്തള കുയിലാണ്.

2. കഥകളിയുമായി ചേർന്ന സൂചനകൾ ഏതൊക്കെ?

- തോടയം.
- മിനുക്ക്.
- ശീതങ്കൻ.
- ഭൈരവിക്കോലം.

3. മാഡ്രിഡ് എന്ന നഗരത്തിന് യോജിക്കുന്ന സവിശേഷതകൾ എടുത്തെഴുതുക?

- കടലും കപ്പലും വള്ളങ്ങളും ധാരാളമുള്ള സ്ഥലം.
- പൊള്ളുന്ന വേനലും മഞ്ഞും കാറ്റുമുള്ള നഗരം.
- ഉൾക്കടലും ജലാശയങ്ങളും അതിരിടുന്ന നഗരം.
- പ്രകാശത്തിൽ തുഴഞ്ഞു നടക്കുന്ന ശാസ്ത്രം സ്വന്തമാക്കാത്ത ആളുകളുള്ള നഗരം.

4. ബാഹുകൻ നളൻ തന്നെയാണെന്ന് കരുതാൻ സഹായകമായ സൂചനകൾ എടുത്തെഴുതുക?

- സാകേതപതിയോട് വിനയത്തോടെ പെരുമാറുന്നു.
- ബാഹുകന് മുന്നിൽ അഗ്നി അഹങ്കാരമില്ലാതെ കത്തുന്നു.
- ബാഹുകൻ തേരിൽ ദു:ഖിതനായി ഇരിക്കുന്നു.
- ബാഹുകൻ സ്പർശിക്കുമ്പോൾ വാടിയ പൂക്കൾ വിളങ്ങുന്നു.

5. ഹാസ്യ സാഹിത്യ വിഭാഗത്തിൽപ്പെടുന്നത്?

- തുള്ളൽപാട്ട്.
- പടയണി.
- യാത്രാ വിവരണം.
- കാർട്ടൂൺ കവിത.

***6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം. (3X2 = 6)***

6. ബാഹുകൻ നളൻ തന്നെയാണെന്ന് ഉറപ്പാക്കുന്നതിന് സഹായകമായ സവിശേഷതകളിൽ ഏതെങ്കിലും ഒരെണ്ണം എഴുതുക?

7. കക്കാരശശി നാടകത്തിന്റെ രണ്ട് സവിശേഷതകൾ എഴുതുക?

8. സച്ചിന്റെ വിടവാങ്ങൽ വേളയിൽ ശ്രീലങ്കൻ സർക്കാർ സമർപ്പിച്ച പുരസ്കാരത്തിന്റെ പ്രാധാന്യം എന്തായിരുന്നു?

9. മലയാളം ക്ലാസ്സിന്റെ പ്രത്യേകതകളായി ഇ.സി.ജി. സുദർശൻ സൂചിപ്പിക്കുന്നതെന്തെല്ലാം?

***10 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക. 4 സ്കോർ വീതം. (5X4=20)***

10. സ്ത്രീപക്ഷ എഴുത്തുകാരനാണ് പുലിക്കോട്ടിൽ ഹൈദർ - സ്വാഭിപ്രായം പ്രകടിപ്പിച്ച് കുറിപ്പ് തയ്യാറാക്കുക?

11. അതിന് വിശപ്പുണ്ടോ നമുക്ക്? വിശപ്പ് പോലുള്ള താണതരം കാര്യങ്ങളിൽ നാം വ്യാപ്രിതരാകാ ണ്ടോ? വിഭൂഷകൻ വിശപ്പിനെ താണതരം കാര്യമായി വിചാരിക്കുവാൻ കാരണമെന്ത്?

12. ചെറുപ്പക്കാരന്റെ മരണത്തിന് യഥാർത്ത കാരണം ഡോക്ടർ ആണെന്ന് ആൺഗൗളി പറയുവാനുള്ള കാരണമെന്ത്?

13. 'സോഷ്യൽ മീഡിയ അറിവിന്റെ ജനാധിപത്യ ലോകത്തെ തുറന്നു തരികയാണ്'. ഈ പ്രസ്താവനയോട് നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക?

14. 'നിന്നുടെ ജന്മത്തെക്കാൾ ശ്രേഷ്ഠമെന്നുടെ ജന്മം' എന്ന് ശകുന്തള പറയാനിടയായ സാഹചര്യം വ്യക്തമാക്കുക?

15. 'ഇത്ര വികാരനിർഭരമായ യാത്രയയപ്പ് ലോകത്തിൽ ഇന്നേവരെ ഒരു കായികതാരത്തിനും ലഭിച്ചിട്ടുണ്ടാവില്ല' – വിശദമാക്കുക?

***16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.     6 സ്കോർ വീതം. (4X6=24)***

16. മനുഷ്യൻ നിർമ്മിച്ച അതിർവരമ്പുകളെ കലയില്ലാതാക്കുന്നു – പദത്തിന്റെ പഥത്തിൽ എന്ന പാഠഭാഗവുമായി ബന്ധിപ്പിച്ചു ലഘു ഉപന്യാസം തയ്യാറാക്കുക.

17. 'ഒരു കഥാകൃത്ത് സഞ്ചരിയായതിന്റെ സൗന്ദര്യാംശങ്ങൾ ആഖ്യാനത്തിൽ ഉൾച്ചേരുന്നതിന്റെ മികച്ച ഉദാഹരണമാണ് ബദരിയും പരിസരങ്ങളും' - പാഠഭാഗത്തെ അടിസ്ഥാനമാക്കി വിശകലനക്കുറിപ്പ് തയ്യാറാക്കുക.

18. 'കണ്ണാടി കാണ്മോളവും' എന്ന പാഠഭാഗത്തിൽ ശകുന്തളയുടെ ന്യായവാദങ്ങളുടെ ഭാഗമായി കടന്നുവരുന്ന ലോകോക്തികളുടെ സമകാലിക പ്രസക്തി വിലയിരുത്തുക.

19. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ കഥാവ്യാഖ്യാനത്തിൽ പ്രമേയപ്പെടുത്തിയ നോവലാണ് എം മുകുന്ദന്റെ 'നൃത്തം' – ഉദാഹരണ സഹിതം വിശദമാക്കുക.

20. 'പ്രകാശം ജലം പോലെയാണ്' എന്ന കഥയിൽ 'മാജിക്കൽ റിയലിസം' എന്ന രചന സങ്കേതത്തെ മാർകേസ് പ്രയോജനപ്പെടുത്തിയിരിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുക.

***താഴെ കൊടുത്തിരിക്കുന്ന കവിതഭാഗം വായിച്ച് 21 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.     2 സ്കോർ വീതം. (3X2=6)***

'ഈ വല്ലിയിൽനിന്നു ചെമ്മേ – പൂക്കൾ
പോവുന്നിതാ പറന്നമ്മേ!'
'തെറ്റി! നിനക്കുണ്ണി! ചൊല്ലാം – നൽപ്പൂ –
മ്പാറ്റകളല്ലെയിതെല്ലാം!'
'മേൽക്കുമേലിങ്ങിവ പൊങ്ങി –
വിണ്ണിൽനോക്കമ്മേ, യെന്തൊരു ഭംഗി!
അയ്യോ! പോയ്ക്കൂടിക്കളിപ്പാൻ - അമ്മേ!
വയ്യേയെനിക്കു പറപ്പാൻ!'
'ആകാത്തതിങ്ങനെ എണ്ണി – ചുമ്മാ
മാഴ്കൊല്ലായെന്നോമലുണ്ണി
പിച്ചനടന്നു കളിപ്പൂജ – നീയി –
പിച്ചകമുണ്ടോ നടപ്പൂ?'
'അമ്മട്ടിലായതെന്തെന്നാൽ - ഞാനോ –
രുമ്മ തരാമ്മ ചൊന്നാൽ'
'നാമിങ്ങറിയുവതല്പം – എല്ലാ –
മോമനെ ദേവസങ്കല്പം.'

21. വല്ലിയിൽ നിന്ന് പാറുന്ന പൂമ്പാറ്റയെ കണ്ട സംശയങ്ങൾ എന്തെല്ലാം?

22. ഉചിതമായ ശീർഷകം നൽകുക?

23. അമ്മ നൽകിയ മറുപടി എന്ത്?

***20 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 8 സ്കോർ വീതം. (2X8=16)***

24. പ്രകൃതി ചൂഷണത്തോടുള്ള കവി കടമ്മനിട്ടയുടെ മാനസിക സംഘർഷങ്ങളാണ് കിരാതവൃത്തത്തിൽ കാട്ടാളനിലൂടെ വ്യക്തമാക്കുന്നത്. പ്രതികരണക്കുറിപ്പ് തയ്യാറാക്കുക?

25. സമകാലിക സമൂഹത്തിന്റെ ജീർണ്ണതകൾ ആക്ഷേപ ഹാസ്യത്തിലൂടെ ശക്തമായി അവതരിപ്പിക്കുന്ന നാടകമാണ് അഗ്നിവർണ്ണന്റെ കാലുകൾ - പ്രബന്ധം തയ്യാറാക്കുക?

26. ഉപചാര മര്യാദകളില്ലാതെ സ്വന്തം മനസ്സ് പ്രേരിപ്പിക്കുന്ന വഴിയെ തന്റേടത്തോടെ ഇറങ്ങിപ്പോകുന്ന ആധുനിക സ്ത്രീജീവിതത്തിന്റെ മുഖം വെളിപ്പെടുത്തുന്ന കഥയാണ് ഗൗളിജന്മം – ഉപന്യാസം തയ്യാറാക്കുക?

<u>ചോദ്യം തയ്യാറാക്കിയത്</u>

1. ജിഷ വി കെ
2. സരിത പി കെ
3. രമേശൻ പി കെ
4. സുജിത്ത് കുമാർ പി എം
5. രാധാകൃഷ്ണൻ എസ് കെ
6. സുനിൽ ഫിലിപ്പ്
7. പവിത്രൻ എ വി